തദ്ദേശസ്വയംഭരണവകുപ്പ്- സ്ഥിരം അദാലത്ത് സമിതി ഉപജില്ലാ സമിതി 4
27.03.2023 - തീയതി ഉച്ചയ്ക്ക് 2 മണിയ്ക്ക് ഓൺലൈനായി അദാലത്ത് നടന്നു.

അദാലത്തിൽ പങ്കെടുത്ത സമിതി അംഗങ്ങൾ

1. ഡോ. ചിത്ര പി അരുണിമ KAS, ഇന്റേണൽ വിജിലൻസ് ഓഫീസർ
2. സനീഷ്- അസിസ്റ്റന്റ് ടൌൺ പ്ലാനർ

താഴെ പറയുന്ന പഞ്ചായത്തുകളിലെ പരാതികൾ അദാലത്തിൽ പരിഗണിച്ചു.

1. ഭരണങ്ങാനം ഗ്രാമപഞ്ചായത്തിലെ 2 പരാതികളാണ് അദാലത്തിൽ പരിഗണിച്ചത്.

വിനോദ് ചെറിയാൻ

ഭരണങ്ങാനം ഗ്രാമപഞ്ചായത്തിൽ റ്റി.ജെ ഗ്രാനൈറ്റഡ് എന്ന പേരിൽ കരിങ്കൽ ഖനനം നടത്തുന്നതിന് ലൈസൻസ് അനുവദിച്ചതിനെതിരെയുള്ള പരാതിയാണ്. ഈ പരാതി ഉപജില്ല സമിതി അദാലത്തിന്റെ പരിധിയിൽ വരാത്തതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ്, ജോയിന്റ് ഡയറക്ടർ കോട്ടയം ന് റിവേർട്ട് ചെയ്യുന്നതിന് അദാലത്തിൽ തീരുമാനിച്ചു.

കെഎം മാണി

ഭരണങ്ങാനം ഗ്രാമപഞ്ചായത്തിൽ റ്റി.ജെ ഗ്രാനൈറ്റഡ് എന്ന പേരിൽ കരിങ്കൽ ഖനനം നടത്തുന്നതിന് ലൈസൻസ് അനുവദിച്ചതിനെതിരെയുള്ള പരാതിയാണ്. ഈ പരാതി ഉപജില്ല സമിതി അദാലത്തിന്റെ പരിധിയിൽ വരാത്തതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പ്,ജോയിന്റ് ഡയറക്ടർ, കോട്ടയം ന് റിവേർട്ട് ചെയ്യുന്നതിന് അദാലത്തിൽ തീരുമാനിച്ചു.

II ചിറക്കടവ് ഗ്രാമപഞ്ചായത്തിലെ ഒരു പരാതിയാണ് അദാലത്തിൽ പരിഗണിച്ചത്.

ഷാജി ജോസ്

പരാതിക്കാരൻ വാണിജ്യാവശ്യത്തിന് പെർമിറ്റ് എടുത്ത് പണി പൂർത്തീകരിച്ച കെട്ടിടത്തിന് കംപ്ലീഷൻ റിപ്പോർട്ടിന് അപേക്ഷ സമർപ്പിച്ചപ്പോൾ 4 അപാകതകൾ ചൂണ്ടികാണിച്ച് സെക്രട്ടറി അറിയിപ്പ് നല്കിയെന്നും അവയിൽ 3 എണ്ണം പരിഹരിച്ചുവെന്നും 4-ാമത്തെ അപാകതയായ കെട്ടിടത്തിന്റെ വശത്തുകൂടി പോകുന്ന റോഡിലേയ്ക്ക് കെട്ടിടം പ്രൊജെക്ട് ചെയ്തിട്ടുള്ളതാണെന്നും റോഡ് മറ്റൊരാളുടെ കൂടെ അവകാശത്തിൽ ഉള്ളതായതിനാൽ projection അനുവദനീയമല്ല എന്നതാണെന്നും ആയതിന് ഇളവ് അനുവദിക്കണമെന്നും പരാതിക്കാരൻ അദാലത്തിനെ അറിയിച്ചു. ടി വഴി പരാതിക്കാരൻ നൽകിയതാണെന്നും ഇത് മറ്റൊരാളും കൂടി മാത്രമേ ഉപയോഗിക്കുന്നുവുള്ളു എന്നും അദാലത്തിൽ ബോധിപ്പിച്ചു.

വഴി ഉപയോഗിക്കുന്ന രണ്ടാംകക്ഷിയുടെ consent വാങ്ങി കെട്ടിട നമ്പർ നൽകുവാൻ സാധിക്കുമോ എന്ന് പരിശോധിക്കാൻ അദാലത്തിൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകി. പരാതി അടുത്ത അദാലത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവെച്ചു.

III കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഒരു പരാതിയാണ് അദാലത്തിൽ പരിഗണിച്ചത്.

1. ജോസഫ് മാത്യു.

കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് പരിധിയിൽ പരാതിക്കാരൻ നിർമ്മിച്ച വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിൽ vertical car parking സംവിധാനം സജ്ജമാക്കിയതിന്റെ അപാകതകൾ ചൂണ്ടികാട്ടി കെട്ടിട നമ്പർ ലഭിച്ചിട്ടില്ല എന്ന് പരാതിക്കാരൻ അദാലത്തിനെ ബോധിപ്പിച്ചു. തനിക്ക് പെർമിറ്റ് അനുവദിച്ചതിന് ശേഷം ആണ് റോഡ് വൈഡനിംഗ് വന്നതെന്നും പരാതിക്കാരൻ അദാലത്തിനെ അറിയിച്ചു.

vertical car parking സംവിധാനത്തിന് competent authority യിൽ നിന്നും structural stability certificate ലഭിച്ചിട്ടില്ല എന്നും KPBR 2019 Rule 19(5) പാലിക്കുന്നില്ല എന്നും സെക്രട്ടറി അറിയിച്ചു.

ടി വിഷയവുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു. ഏപ്രിൽ ആദ്യവാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നെ joint inspection നടത്തുവാൻ ചുമതലപ്പെടുത്തിയും അദാലത്തിൽ തീരുമാനിച്ചു.

IV കറുകച്ചാൽ ഗ്രാമപഞ്ചായത്തിൽ ഒരു പരാതിയാണ് അദാലത്തിൽ പരിഗണിച്ചത്.

ജോസഫ് സി.ഡി

തന്റെ അയൽവാസിയായ സുനിൽ മാത്യുവിന്റെ കാർ പോർച്ചിന്റെ ഷീറ്റ് ചുറ്റുമതിലിനോട് ചേർന്ന് നീട്ടി പിടിപ്പിച്ചിട്ടുള്ളതുമാണെന്ന് കാണിച്ച് പഞ്ചായത്തിൽ പരാതി നൽകിയിട്ടും നടപടി ഒന്നും ഉണ്ടായില്ലെന്ന് പരാതിക്കാരൻ അദാലത്തിനെ അറിയിച്ചു.

ടിപരാതി പ്രകാരം ശ്രീ സുനിൽ മാത്യുവിന് അനധികൃതമായി ഷീറ്റിട്ട ഭാഗം പൊളിച്ച് നീക്കം ചെയ്യൽ 2 പ്രാവശ്യം അറിയിപ്പ് നൽകിയിരുന്നതായി സെക്രട്ടറി അറിയിച്ചു.

എതിർ കക്ഷിയായ ശ്രീ സുനിൽ മാത്യു മറ്റൊരു പരാതി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിൽ ശ്രീ ജോസഫ് മാത്യു മതിൽ വീണ്ടും പൊക്കി കെട്ടി ഷീറ്റ് ഇട്ടുവെന്നും ഇത് നീക്കുന്നതിന് നടപടികളുണ്ടാകണമെന്നും അപേക്ഷിച്ചിരിക്കുന്നു എന്നും സെക്രട്ടറി അദാലത്തിനെ അറിയിച്ചു.

ടി പരാതി സ്ഥിരം അദാലത്തിന്റെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ സെക്രട്ടറി ഇരു കക്ഷികളെയും വിളിച്ച് നേരിൽ കേട്ട് നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചു.

**V** മണിമല ഗ്രാമപഞ്ചായത്തിന്റെ ഒരു പരാതിയാണ് അദാലത്തിൽ പരിഗണിച്ചത്**.**

രാധാ അശോക് കുമാർ

മണിമല പഞ്ചായത്തിൽ താൻ പണിത വാണിജ്യാവശ്യത്തിനുള്ള കടമുറിക്ക് നമ്പർ അനുവദിച്ചു തന്നിട്ടില്ല എന്നതാണ് പരാതി. നമ്പർ ലഭിക്കുന്നതിനായി പരാതിക്കാരി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് സെക്രട്ടറി അറിയിച്ചു. സ്ഥല പരിശോധന നടത്തിയപ്പോൾ അതിരു തിരിച്ച് സർവ്വേക്കല്ല് കണ്ടെത്താനായില്ല ആയതിനാൽ താലൂക്ക് സർവെയറിന്റെ സ്കെച്ച് ഹാജരാക്കിയ ശേഷം അപേക്ഷ സമർപ്പിക്കാൻ പരാതിക്കാരിക്ക് നിർദ്ദേശം നൽകാൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടു.

VI മീനച്ചിൽ പഞ്ചായത്തിന്റെ ഒരു പരാതിയാണ് അദാലത്തിൽ പരിഗണിച്ചത്.

ജോയ് തോമസ്

പരാതിക്കാരൻ മീനച്ചിൽ പഞ്ചായത്തിൽ കെട്ടിടം പണി പൂർത്തീകരിച്ച് കെട്ടിട നമ്പർ ലഭിക്കുന്നതിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ട് നമ്പർ ലഭിക്കുന്നതിന് കാലതാമസം നേരിട്ടുണ്ടെന്നും അന്വേഷണ ഉദ്യോഗസ്ഥയായ ഓവർസിയർ വളരെ ധിക്കാരപരമായി പെരുമാറിയതായും അദാലത്തിനെ ബോധിപ്പിച്ചു,

220 (ബി) വയലേഷൻ ഉള്ളതിനാലാണ് കെട്ടിട നമ്പർ നൽകാഞ്ഞതെന്നും അപാകതകൾ പരിഹരിച്ച മുറയ്ക്ക് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ടെന്നും ഓവർസിയർ നിലവിൽ ടി ആഫീസിൽ നിന്നും സ്ഥലം മാറി പോയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. പരാതിയിൽ പറഞ്ഞ പ്രകാരം ഓവർസിയർ അനാവശ്യമായ കാലതാമസം ഉണ്ടാക്കിയിട്ടുണ്ടോ എന്നും അപമര്യാദയായി പെരുമാറിയിട്ടുണ്ടോ എന്നും അന്വേഷിക്കുവാനും ഉണ്ടെങ്കിൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലേക്ക് റിപ്പോർട്ട് ചെയ്യാനും തീരുമാനിച്ചു.

VII മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ ഒരു പരാതിയാണ് അദാലത്തിൽ പരിഗണിച്ചത്.

മിനിമോഹൻ

മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ തന്റെ വീടിനോട് ചേർന്ന് നിർമ്മിച്ച കടമുറിയ്ക്ക് നമ്പർ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായാണ് പരാതി.

സ്ഥല പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് അദാലത്തിൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

VIII മുത്തോലി ഗ്രാമപഞ്ചായത്തിലെ ഒരു പരാതിയാണ് അദാലത്തിൽ പരിഗണിച്ചത്.

എൻ.കെ ശശികുമാർ

മുത്തോലി ഗ്രാമപഞ്ചായത്തിൽ പണി പൂർത്തീകരിച്ച വീടിന് നമ്പർ ലഭിക്കുവാൻ അപേക്ഷ സമർപ്പിച്ചെങ്കിലും നടപടിയുണ്ടായില്ല. 1.5 മീറ്റർ വീതിയുണ്ടായിരുന്ന വഴി 3 മീറ്റർ വീതിയുള്ള റോഡാക്കാൻ തന്റെ സ്ഥലത്ത് നിന്നും യാതൊരു പ്രതിഫലവുമില്ലാത്ത സ്ഥലം വിട്ടു കൊടുത്തിട്ടുണ്ടെന്ന് അദാലത്തിൽ പരാതിക്കാരൻ അറിയിച്ചു. അപാകതയിൽ ചൂണ്ടി കാണിക്കുന്ന സ്റ്റെയർ കേസ് റോഡ് വികസനം ഉണ്ടാകുമ്പോൾ പൊളിച്ച് നീക്കി കൊള്ളാം എന്നും പരാതിക്കാരൻ അറിയിച്ചു.

അധികരിച്ച ഭാഗത്തിന് ഫീസ് അടച്ച് UA നമ്പർ അനുവദിക്കാവുന്നതാണോ എന്ന് സ്ഥല പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിനും ഇത് സംബന്ധിച്ച ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനും സെക്രട്ടറിയെ അദാലത്തിൽ ചുമതലപ്പെടുത്തി തീരുമാനിച്ചു.

യോഗം വൈകുന്നേരം 3.30 പി.എം ന് അവസാനിച്ചു.